"ഭരണഭാഷ - മാതൃഭാഷ "

പി1 - 2490/2015/പി.എ.യു.

ദാരിദ്ര്യ ലഘൂകരണ വിഭാഗം,
ജില്ലാ പഞ്ചായത്ത്, മലപ്പുറം
തിയ്യതി: 20 .01.2016.
Phone: 0483 2734976 Fax: 0483 2736528
E-mail: drdampm@gmail.com

മലപ്പുറം ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടറുടെ ഓഫീസിന്റെ അധീനതയിലുള്ളതും, ഗ്രാമ വികസന കമ്മീഷണറുടെ 18.01.2016 ലെ 19094/എസിട എഡി5/15/സി.ആർ.ഡി. നമ്പർ കത്ത് പ്രകാരം ലേലം ചെയ്ത് വിൽക്കുവാൻ ഉത്തരവായതുമായ അംബാസിഡർ കാർ നിലവിലെ അവസ്ഥയിലും സ്ഥിതിയിലും ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപ്പന നടത്തുകയാണ്. ആയതിലേക്ക് സീൽ വെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. താഴെപ്പറയുന്ന തീയ്യതിയിലും സ്ഥലത്തും വച്ച് പ്രൊജക്ട് ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അംബാസിഡർ കാർ പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിന് മുമ്പ് ദർഘാസുകാരുടെ/ലേലക്കാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും, ലേലത്തുകയോ ദർഘാസ് തുകയോ ഏതാണോ കൂടുതൽ ആ തുകയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ദർഘാസുകാരന്റെ/ലേലക്കാരന്റെ പേരിൽ വിൽപ്പന താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. അംബാസിഡർ കാർ മലപ്പുറം ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം ഓഫീസിലെ കാർഷെഡിലാണ് സൂക്ഷിച്ചിട്ടുള്ളത് ആയത് ദർഘാസ് ലേലത്തിന് മുമ്പായി കണ്ട് ബോധ്യപ്പെട്ടുകൊള്ളേണ്ടതാണ്.

| ക്രമ നമ്പർ | വാഹന വിവരം (രജിസ്ട്രേഷൻ നമ്പർ) | ലേലം നടക്കുന്ന സ്ഥലം | നിരതദ്രവ്യം | റിമാർക്സ് |
|---|---|---|---|---|
| 1 | KL 10 N - 7115 അംബാസിഡർ ഡീസൽ എ. സി. കാർ, 2002 മോഡൽ, 18.06.2017 വരെ രജിസ്ട്രേഷൻ കാലാവധി ഉണ്ട് | ദാരിദ്ര്യ ലഘൂകരണ വിഭാഗം, പ്രൊജക്ട് ഡയറക്ടറുടെ ഓഫീസ്, മലപ്പുറം. | 2500/- രൂപ | നിലവിലുള്ള സ്ഥിതിയിൽ |

1) ദർഘാസ് ഫോറത്തിന്റെ വില - 400+4% വാറ്റ്
2) ദർഘാസ് ഫോറം വിൽക്കുന്ന അവസാന തിയ്യതിയും സമയവും - 15.02.2016, 1.00 പി. എം.
3) ദർഘാസ് സ്വീകരിക്കുന്ന തിയ്യതിയും സമയവും - 15.02.2016, 2.00 പി. എം.
4) ദർഘാസ് തുറക്കുന്ന തിയ്യതിയും സമയവും - 16.02.2016, 11.00എ. എം.
5) ലേല തിയ്യതിയും സമയവും - 16.02.2016,11.30 എ. എം.

ദർഘാസ് ഫോറം സമർപ്പിക്കുന്ന കവറിന് മുകളിൽ അംബാസിഡർ കാർ ലേലത്തിനുള്ള ദർഘാസ് എന്നും കാറിന്റെ രജിസ്ട്രേഷൻ നമ്പറും രേഖപ്പെടുത്തി മലപ്പുറം ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർക്ക് സീൽ ചെയ്ത് സമർപ്പിക്കേണ്ടതാണ്. വില വിവരം അക്കത്തിലും അക്ഷരത്തിലും തിരുത്തലുകൾ കൂടാതെ വ്യക്തമായി എഴുതിയിരിക്കണം. നിരതദ്രവ്യം പണമായി അല്ലെങ്കിൽ പ്രൊജക്ട് ഡയറക്ടർ, പി.എ.യു., മലപ്പുറം എന്ന പേരിൽ ഡി.ഡി. ആയി പൂരിപ്പിച്ച ദർഘാസ് ഫോറത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം പണമായി അടച്ചവർ രശീതിയുടെ ഫോട്ടോ കോപ്പി ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കുന്ന ആൾ തങ്ങളുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റോ, തിരിച്ചറിയൽ കാർഡോ, മറ്റ് നിയമാനുസൃത തിരിച്ചറിയൽ സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഇതു സംബന്ധമായി ഈ ഓഫീസിൽ പരസ്യപ്പെടുത്തിയിട്ടുള്ള നോട്ടീസിൽ നിന്നോ നേരിട്ടോ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ച് അറിയാവുന്നതുമാണ്.

ലേല ദിവസം പൊതു അവധി വന്നാൽ ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും നടത്തുന്നതായിരിക്കും.

## നിബന്ധനകൾ

1. അംബാസിഡർ കാർ പ്രൊജക്ട് ഡയറക്ടറുടെ അനുവാദത്തോടുകൂടി പരിശോധിച്ച് അതിന്റെ നിലനിൽപ്പ് ബോധ്യപ്പെട്ടുകൊള്ളേണ്ടതും, ദർഘാസ്/ലേലത്തിന് ശേഷം അവ സംബന്ധിച്ച പരാതി പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.
2. ദർഘാസ് ഫോറം ആവശ്യമുള്ളവർ നിയമാനുസൃത തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
3. കാറിനായുള്ള ദർഘാസുകൾ/ലേലത്തിനുള്ളവർനിരതദ്രവ്യം പണമായി/ഡി.ഡി. ആയി ഈ ഓഫീസിൽ അടവാക്കേണ്ടതുമാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
4. ദർഘാസ് തുക വിവരം അക്കത്തിലും അക്ഷരത്തിലും തിരുത്തലുകൾ കൂടാതെ വ്യക്തമായി എഴുതിയിരിക്കണം.
5. നിരതദ്രവ്യം അടച്ച് ദർഘാസ് നൽകുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് അവകാശമുള്ളൂ.
6. ദർഘാസ് നൽകുന്നവരുടെ പൂർണ്ണ മേൽവിലാസം രേഖപ്പെടുത്തി സീൽ ചെയ്തു വേണം പ്രൊജക്ട് ഡയറക്ടർക്ക് സമർപ്പിക്കുവാൻ.
7. ഏറ്റവും ഉയർന്ന ദർഘാസ് തുകയ്ക്ക് അല്ലെങ്കിൽ ലേല തുകയ്ക്ക് ദർഘാസ്/ലേലത്തുക ദർഘാസ്/ലേലം താൽക്കാലികമായി ഉറപ്പിച്ച് അംഗീകാരത്തിനായി മേലധികാരിക്ക് ശുപാർശ ചെയ്യുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ മറ്റ് ദർഘാസുകാരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
8. ദർഘാസ്/ലേലത്തിൽ ഉയർന്ന സംഖ്യ രേഖപ്പെടുത്തുന്ന /വിളിക്കുന്ന ദർഘാസ്/ലേലം കൊണ്ടയാൾ ആയതിന്റെ പകുതി തുക (നിരതദ്രവ്യം കഴിച്ചുള്ള സംഖ്യ) ഉടൻ തന്നെ ഓഫീസിൽ ഒടുക്കേണ്ടതും ബാക്കി തുകയും മറ്റ് നികുതികളും ദർഘാസ്/ലേലം അംഗീകരിച്ചതായി അിറയിപ്പ് നോട്ടീസ് തിയ്യതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ ഒടുക്കി അംബാസിഡർ കാർ ഏറ്റുവാങ്ങേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യം ഉൾപ്പെടെ അടച്ചിട്ടുള്ള തുക കണ്ടുകെട്ടുന്നതും, ദർഘാസ്/ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതും തന്മൂലം ഉണ്ടാകുന്ന നഷ്ടം വീഴ്ച വരുത്തിയ ദർഘാസ്/ലേലക്കാരന്റെ പക്കൽ നിന്നും ഈടാക്കുന്നതിന് നിയമനടപടി സ്വീകരിക്കുന്നതുമാണ്. പുനർ ലേലത്തിൽ ലാഭമുണ്ടായാൽ ആയതിന് ദർഘാസുകാരന്/ലേലക്കാരന് യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ല.
9. ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്ന ദർഘാസ്/ലേലക്കാരൻ മേൽപ്പറഞ്ഞവിധം ദർഘാസ് തുകയുടെ പകുതി തുക ഉടൻ ഒടുക്കുന്നതിന് തയ്യാറാകാതിരുന്നാൽ ടിയാൻ ഒടുക്കിയ നിരതദ്രവ്യം കണ്ടുകെട്ടി മുതൽകൂട്ടുന്നതും ദർഘാസ്/ലേലക്കാരന്റെ പേരിൽ ഉടൻ തന്നെ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും. ഇപ്രകാരം കണ്ടുകെട്ടുന്ന തുകയ്ക്ക് വീഴ്ച വരുത്തുന്ന ദർഘാസ്/ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

10. ദർഘാസ് സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ആവശ്യമെങ്കിൽ കാരണം ബോധിപ്പിക്കാതെ ദർഘാസ്/ലേലം റദ്ദാക്കാനുമുള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥ നിൽ നിക്ഷിപ്തമാണ്.

11. വാഹനത്തിനാവശ്യമായ രേഖകൾ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ആർ.റ്റി.ഒ. യിൽ നിന്നും മാറ്റി എടുക്കേണ്ടതാണ്.

12. ഏതെങ്കിലും കാരണവശാൽ പിന്നീട് വിൽപ്പന സ്ഥിരപ്പെടാതിരുന്നാൽ വിജയിക്കുന്ന ദർഘാസ്/ലേലക്കാരൻ ഒടുക്കിയ നിരതദ്രവ്യം മടക്കി കൊടുക്കുന്നതായിരിക്കും.

13. ദർഘാസ്/ലേലം മേലധികാരിയുടെ അംഗീകാരത്തിന് വിധേയമാണ്.

14. വാഹന ലേലം സംബന്ധിച്ച മറ്റുള്ള എല്ലാ പൊതു നിബന്ധനകളും ഈ ദർഘാസ്/ലേല ത്തിലും ബാധകമായിരിക്കും.

15. വാഹന വിലയ്ക്ക് പുറമേ നിയമാനുസൃത നികുതികൾ അടവാക്കേണ്ടതാണ്.

POVERTY ALLEVIATION UNIT
MALAPPURAM
Date ...
DISTRICT PANCHAYATH

പ്രൊജക്ട് ഡയറക്ടർ.
ദാരിദ്ര്യ ലഘൂകരണ വിഭാഗം,
ജില്ലാ പഞ്ചായത്ത്, മലപ്പുറം

പകർപ്പ്:-

1. ജില്ലാ കലക്ടർ, മലപ്പുറം.(ഉപരിപത്രം സഹിതം ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുന്നതിനായി )

പകർപ്പ് : നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനായി

1. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് മലപ്പുറം.
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജ), മലപ്പുറം.
3. പബ്ലിക് റിലേഷൻസ് ഓഫീസർ, മലപ്പുറം
4. എല്ലാ ബ്ലോക്ക് /ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
5. പി.ഡബ്ല്യു.ഡി. ഓഫീസ്, മെക്കാനിക്കൽ ഡിവിഷൻ, കോഴിക്കോട്.
6. അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷൻ മലപ്പുറം.